(ബി) യു.ജി.സി.. പദ്ധതിയുടെ ഭാഗമായി NET-ന് പരിശീലനം നൽകുന്ന' പരിപാടി എറണാകുളം മഹാരാജാസ് കോളേജിൽ നടത്തുന്നതിന് നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. കൂടാതെ ക്ലസ്റ്റർ ഓഫ് കോളേജിന്റെ ഭാഗമായും NET-ൽ പരിശീലനം നൽകുന്നുണ്ട്.

(സി) സർക്കാർ കോളേജുകളിൽ ഉണ്ടാകുന്ന അദ്ധ്യാപക ഒഴിവുകൾ ഉടനടി തന്നെ പി.എസ്.സി. വഴി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. എയ്ഡഡ് കോളേജുകളിലെ ഒഴിവുകൾ നികത്തുന്നതിനു വേണ്ടി പ്രൊപ്പോസലുകൾ ലഭിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് അനുവദനീയമായ ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

(ഡി) സംസ്ഥാനത്തെ സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലാണ്.

(ഇ) പഠന സമിതിയുടെ ശുപാർശ അനുസരിച്ച് സിലബസ് കാലാനുസൃതമായി പരിഷ്ക്കരിക്കുന്നതിനുള്ള നടപടികൾ യൂണിവേഴ്സിറ്റി തലത്തിൽ കൈക്കൊണ്ടുവരുന്നു.

**യു.ജി.സി. ശമ്പള പരിഷ്കരണം വഴി 2000 കോടി രൂപ നഷ്ടപ്പെടാനിടയായ സാഹചര്യം**

**82 (3836)** ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യു.ജി.സി. ശമ്പള പരിഷ്കരണം വഴി കേരളത്തിന് ലഭ്യമാക്കേണ്ട 2000 കോടി രൂപ നഷ്ടപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ആയതിനുള്ള സാഹചര്യം വിശദീകരിക്കുമോ ;

(സി) കോളേജ് അദ്ധ്യാപകരുടെ ശമ്പളം എന്നാണ് പരിഷ്കരിച്ചതെന്ന് വ്യക്തമാക്കുമോ ;

(ഡി) തുടർന്നുള്ള പരിഷ്കരണം എന്നു മുതൽ നൽകുമെന്ന് വ്യക്തമാക്കുമോ ;

(ഇ) ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സിസ്റ്റം നടപ്പാക്കിയപ്പോൾ നികത്തുമെന്ന് പറഞ്ഞ മുഴുവൻ ഒഴിവുകളും നികത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല

(ബി) ബാധകമല്ല

(സി) 27-3-2010 (സ.ഉ. (പി) നമ്പർ 58/10/ഉ.വി.വ. തീയതി 27-3-2010.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കേന്ദ്ര സർക്കാർ പുതിയ യുജിസി. ശമ്പളം പ്രഖ്യാപിക്കുന്ന മുറയ്ക്ക്.

(ഇ) സർക്കാർ കോളേജുകളിൽ ഉണ്ടാകുന്ന അദ്ധ്യാപക ഒഴിവുകൾ ഉടനടി തന്നെ പി.എസ്.സി. വഴി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. എയ്ഡഡ് കോളേജുകളിലെ ഒഴിവുകൾ നികത്തുന്നതിനുവേണ്ടി പ്രൊപ്പോസലുകൾ ലഭിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് അനുവദനീയമായ ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ 1998-2001 കാലയളവിൽ വ്യവസ്ഥകൾക്കു വിധേയമായി അനുവദിച്ച കോഴ്സുകളുടെ ജോലിഭാരം കൂടി കണക്കിലെടുത്ത് അദ്ധ്യാപക തസ്തികകൾ നൽകുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

## ഉന്നതവിദ്യാഭ്യാസ വകുപ്പിലെ കോമൺപൂൾ ലൈബ്രേറിയൻമാരുടെ സീനിയോറിറ്റി ലിസ്റ്റ്

**83 (3837)** ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉന്നത വിദ്യാഭ്യാസ വകുപ്പിലെ കോമൺപൂൾ ലൈബ്രേറിയൻമാരുടെ അവസാന സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ ; സീനിയോറിറ്റി ലിസ്റ്റ് എന്ന് പ്രസിദ്ധീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(ബി) സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കാത്തതുമൂലം എല്ലാ ഗ്രേഡുകളിലുമുള്ള ലൈബ്രേറിയൻമാരുടെ പ്രൊമോഷൻ നടക്കാതിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) കേരള കോമൺപൂൾ ലൈബ്രറി സർവ്വീസിലെയും കേരള കോമൺപൂൾ ലൈബ്രറി സബോർഡിനേറ്റ് സർവ്വീസിലെയും ലൈബ്രേറിയൻമാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റുകൾ പ്രസിദ്ധീകരിക്കുന്നതിനായി ഇവരുടെ താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും അതിനുശേഷം ലഭിച്ച ആക്ഷേപകളും പരാതികളും സൂക്ഷ്മ പരിശോധന നടത്തി ന്യൂനതകൾ പരിഹരിച്ചു വരികയും ചെയ്യുന്നു. അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനും പ്രൊമോഷൻ നടത്തുന്നതിനും നടപടി കൈക്കൊണ്ട് വരുന്നു.

## രാജപുരം സെന്റ് പയസ് എയ്ഡഡ് കോളേജിലെ അദ്ധ്യാപകരുടെ ശമ്പളം

**84 (3838)** ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ രാജപുരം സെന്റ് പയസ് എയ്ഡഡ് കോളേജിൽ ബി.ബി.എ. കോഴ്സിൽ 2004 മുതൽ അദ്ധ്യാപകരായി ജോലി ചെയ്യുന്ന നാല് പേർക്ക് ഇതുവരെ ശമ്പളം നൽകിയിട്ടില്ലായെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly